# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1093** **06.02.2020 ൽ മറുപടിക്ക്**

**സഞ്ചാര യോഗ്യമല്ലാത്ത റോഡുകളും പാലങ്ങളും**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.ഡി.സതീശൻ**<br>**ശ്രീ.കെ.സി.ജോസഫ്**<br>**ശ്രീ .വി.ടി.ബൽറാം**<br>**ശ്രീ. സണ്ണി ജോസഫ്** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്തെ റോഡുകളും പാലങ്ങളും തകർന്ന് സഞ്ചാര യോഗ്യമല്ലാത്ത സാഹചര്യം കണക്കിലെടുത്ത് കേരള ഹൈക്കോടതി ഇക്കാര്യത്തിൽ ഇടപെട്ട് കർശന നിർദ്ദേശം നൽകിയിട്ടുണ്ടോ; | (എ) ഇങ്ങനെ ഒരവസ്ഥ ഇല്ല. ഏതുകാലത്തേക്കാളും ഗതാഗതമാർഗങ്ങൾ മികച്ചതായി കേരളത്തിൽ കാണുന്നുണ്ട്. കോടതി പറഞ്ഞത് എറണാകുളത്തെ ചില റോഡുകളാണ്. അവിടെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. കോടതി പൊതുമരാമത്ത് വകുപ്പിനെ അഭിനന്ദിക്കുകയും ചെയ്തിട്ടുള്ളതാണ്. |
| (ബി) പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ബി) 31-12-2019 ന് മുമ്പ് റോഡുകൾ ഗതാഗതയോഗ്യ മാക്കണമെന്ന് പൊതുമരാമത്ത് വകുപ്പ് തീരുമാനിച്ചിരുന്നു. റോഡുകൾ എല്ലാം തന്നെ ഗതാഗതയോഗ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചിരുന്നു. ഇക്കാര്യം കോടതിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പിന്നീട് കോടതിയുടെ ഒരു പ്രഖ്യാപനം വന്നു. ബഹു.മുഖ്യമന്ത്രിയും അത് ആവശ്യപ്പെട്ടിരുന്നു. പൊതുമരാമത്ത് വകുപ്പ് നവംബറിൽ തന്നെ 31.12.2019 ന് മുൻപ് ഗതാഗതയോഗ്യമാക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കാൻ തീരുമാനിച്ചിരുന്നു. മെയ് മുതൽ നവംബർവരെ മഴയായതിനാൽ കാലതാമസം വന്നതാണ്. 31-12-2019 ന് മുൻപ് 97% റോഡുകളും അറ്റകുറ്റപ്പണികൾ നടത്തി ഗതാഗത യോഗ്യമാക്കിയിരുന്നു. ബജറ്റ് പ്രവൃത്തികൾ, കിഫ്ബി, നബാർഡ് പ്രവൃത്തികൾ എന്നിവ നടക്കുന്ന മേഖലകളിലും, വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ്, മൊബൈൽ കമ്പനികൾ എന്നിവ വെട്ടിപ്പൊളിച്ച ഭാഗങ്ങളിലുമാണ് ഇനിയും പ്രവൃത്തി പൂർത്തിയാക്കാനുള്ളത്. ഇത്തരം തടസ്സങ്ങൾ കാരണമാണ് കഴിഞ്ഞ 31 നകം അറ്റകുറ്റപ്പണി പൂർത്തീകരിക്കാൻ സാധിക്കാതിരുന്നത്. അറ്റകുറ്റ പ്പണികൾ എല്ലാം അടിയന്തിരമായി പൂർത്തിയാക്കു ന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈ നിർദ്ദേശത്തിന്റെ അടിസ്ഥാന ത്തിൽ റോഡിലെ കുഴിയടയ്ക്കുവാനും വശങ്ങൾ കെട്ടുന്നതിനുമായി ഇതിനകം എന്ത് തുക ചെലവഴിച്ചു; വിശദമാക്കാമോ ? | (സി) | ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ റോഡിലെ അറ്റകുറ്റപ്പണികൾക്കായി 585 കോടി രൂപയ്ക്ക് നോൺപ്ലാനിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ